**തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Shaji Clement)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–ജീവനക്കാര്യം -ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ .<LSGD/PD/2557/2023-DEE4>തീയതി:31-12-2025

പരാമർശം:
1) ഗ്രാമ വികസന കമ്മീഷണറുടെ 18/01/2022 തീയതിയിലെ 4364/എസ്റ്റാഡി4/2021/സിആർഡി നമ്പർ ഉത്തരവ്.
2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19/10/2023 തീയതിയിലെ LSGD/PD/32946/GEA2 നമ്പർ ഉത്തരവ് പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്
3) GO(P) 27/Fin dated: 10.02.2021

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ (മുൻ ഗ്രാമവികസന) വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാരുടെ എണ്ണം 1:1:1:1 അനുപാതത്തിൽ ജില്ലാ അടിസ്ഥാനത്തിൽ ക്രമീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടൈപ്പിസ്റ്റ് തസ്തികയിൽ വിരമിക്കൽ മൂലം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ വന്ന 1 ഒഴിവിലേക്ക് സൂചന (2) ലെ ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ അർഹരായ ജീവനക്കാർക്ക് അവരുടെ പേരുകൾക്ക് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം 39,300-83,000 ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ ഉടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമനമ്പർ | സീനിയോറിറ്റി നമ്പർ | പേര് | നിലവിലെ സ്റ്റേഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 21 | ജയൻ കെ | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ആലപ്പുഴ | 01.11.2025 |

സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രമോഷൻ വഴി വന്ന 1 ഒഴിവിലേക്കും ഒരു സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന് തസ്തികമാറ്റം നല്കിയതുവഴി ഉണ്ടായിട്ടുള്ള 1 ഒഴിവിലേയ്ക്കും ചേർത്ത് 2 ഒഴിവിലേയ്ക്ക് സൂചന (2) ലെ സീനിയോറിറ്റി പട്ടിക പ്രകാരം അർഹരായ 2 ജീവനക്കാർക്ക് അവരുടെ പേരുകൾക്ക് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 37,400-79,000/- ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ ഉടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമനമ്പർ | സീനിയോറിറ്റി നമ്പർ | പേര് | നിലവിലെ സ്റ്റേഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 25 | പ്രശാന്ത് എൻ | LID&EW സബ്ബ് ഡിവിഷൻ, അരീക്കോട് | 30.07.2025 |
| 2 | 26 | ശബ്നം കെ | ബ്ലോക്ക് | 01.11.2025 |

| | | | | |
|---|---|---|---|---|
| | | | പഞ്ചായത്ത്, അരീക്കോട് | |

മേൽ ഖണ്ഡിക പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രമോഷൻ വഴി വന്ന 2 ഒഴിവുകളിലേക്കും, യു ഡി ടൈപ്പിസ്റ്റിന് തസ്തികമാറ്റം നല്കിയതുവഴി ഉണ്ടായിട്ടുള്ള 1 ഒഴിവിലേയ്ക്കും ചേർത്ത് 3 ഒഴിവുകളിലേക്ക് സൂചന (2)-ലെ സീനിയോറിറ്റി പട്ടിക പ്രകാരം അർഹരായ 3 ജീവനക്കാർക്ക് അവരുടെ പേരുകൾക്ക് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 35,600-75,400/- ശമ്പള സ്കെയിലിൽ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ സ്ഥലം മാറ്റി നിയമിച്ചും ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര്, നിലവിൽ സേവനത്തിൽ തുടരുന്ന കാര്യാലയം | റേഷ്യോ പ്രൊമോഷൻ നൽകി നിയമിക്കുന്ന കാര്യാലയം | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 31 | ജസ്ന പി ആർ,<br>കൊടകര ബ്ലോക്ക് പഞ്ചായത്ത് | ചാവക്കാട് നഗരസഭ | 30.07.2025 |
| 2 | 32 | സൗമ്യ വി ജി,<br>അഴുത ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട | **29.09.2025** |
| 3 | 34 | ആശ ദാസ്,<br>അന്യത്ര സേവനം | അന്യത്ര സേവനത്തിൽ തുടരുന്നതിന് അനുമതി നൽകുന്നു. | 01.11.2025 |

മേൽ റേഷ്യോ പ്രൊമോഷനുകൾ നൽകിയതിനെ തുടർന്ന് എൻടി കേഡർ തസ്തികയിൽ ഉണ്ടായിട്ടുള്ള 3 ഒഴിവുകളിൽ ക്രമനമ്പർ 1, 2 പ്രകാരമുള്ള എൽ ഡി ടൈപ്പിസ്റ്റ് ഒഴിവുകൾ തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ക്രമനമ്പർ 3 ൽ ശ്രീ ആശ ദാസ് എന്നവർ അന്യത്ര സേവനത്തിൽ പ്രവേശിച്ചതിനെ തുടർന്ന് ടി ഒഴിവ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത പക്ഷം പട്ടിക 3 പ്രകാരം റേഷ്യോ പ്രൊമോഷൻ നൽകിയതിനെ തുടർന്ന് ടി ഒഴിവ് പാലക്കാട് ജില്ലയിൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നു.

റേഷ്യോ പ്രൊമോഷൻ ലഭിച്ച മേൽ ജീവനക്കാരുടെ നിയമനം പൊതുസ്ഥലമാറ്റ ഉത്തരവുകൾക്കും, തദ്ദേശ സ്വയഭരണവകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ ജില്ലാതലത്തിൽ സ്ഥിരപ്പെടുത്തുമ്പോഴും അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റം/നിയമനം നൽകുന്നതിലേക്കായി പുനഃപരിശോധിക്കുന്നതായിരിക്കും. പുനഃപരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലം മാറ്റേണ്ടുന്നതായി കാണുന്നപക്ഷം, നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് മേൽ ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്. ഈ ഉത്തരവ് വഴി റേഷ്യോ പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാരുടെ ശമ്പളം പുനർനിർണയിച്ച് ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള ജീവനക്കാർ റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള തസ്തികയിലെ ശമ്പള നിർണയത്തിന് മേൽ പരാമർശിത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഡിക്ലറേഷൻ ബന്ധപ്പെട്ട മേലധികാരിക്ക് നൽകേണ്ടതാണ്.

Shaji Clement
ADDITIONAL DIRECTOR

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരികൾ മുഖേന)

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. സൂപ്രണ്ട്, IE, GEA സെക്ഷൻ
3. സൂപ്രണ്ട്, IT സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധികരണത്തിന്)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Shaji Clement
Date: 31-12-2025 12:44:11